# നന്മയിലേക്ക് വഴികാണിക്കുന്നവര്‍

സി.എം റഫീഖ് കോക്കൂര്‍

عَنِ أبى مَسْعُود عُقبة ابن عَمْرو ألأنصَاري رضي الله عنه : قَالَ رَسُولُ الله ﷺ من دَلّ عَلى خيرٍ فَلَهُ مِثْلُ أجْر فَاعِلهِ

**ഉഖ്ബത്തുബ്നു അംറ്(റ) നിവേദനം ചെയ്യുന്നു: റസൂല്‍ (സ) പറഞ്ഞു: "നല്ലത് കാണിച്ചുകൊടുക്കുന്നവന് അത് പ്രവര്‍ത്തിച്ചവന് തുല്യം പ്രതിഫലം ലഭിക്കുന്നതാണ്"** (മുസ്‌ലിം)

സ്വന്തം ജീവിതത്തില്‍ നന്മ പ്രവര്‍ത്തിക്കുന്നത് കൊണ്ട് മാത്രം അവസാനിക്കുന്നതല്ല സത്യവിശ്വാസിയുടെ ബാധ്യത. താനുള്‍ക്കൊണ്ടിട്ടുള്ള നന്മയിലേക്ക് ജനങ്ങളെ ക്ഷണിക്കുക, തിന്മയില്‍നിന്നവരെ തടയുക, ക്ഷമാപൂര്‍വം, നിരന്തരം, ഗുണകാംക്ഷയുള്‍ക്കൊണ്ട് ഈ പ്രക്രിയ തുടര്‍ന്നുകൊണ്ടേയിരിക്കുക. ഇതു സംബന്ധമായി ഖുര്‍ആനില്‍ ഒട്ടനവധി പ്രതിപാദനങ്ങള്‍ കാണാം. അല്ലാഹു പറയുന്നു: "നീ നിന്റെ നാഥന്റെ മാര്‍ഗത്തിലേക്ക് സാരോപദേശങ്ങള്‍ മുഖേനയും തത്ത്വദീക്ഷയോടെയും ജനങ്ങളെ ക്ഷണിക്കുക."

നന്മയുടെ മാര്‍ഗത്തിലുള്ള പ്രവര്‍ത്തനങ്ങള്‍ക്ക് ലഭിക്കാനിരിക്കുന്ന അപാരമായ പ്രതിഫലത്തിലേക്കാണ് ഹദീസ് വിരല്‍ ചൂണ്ടുന്നത്. ഏതൊരു നന്മയിലേക്കാണോ ക്ഷണിച്ചത്, എന്തൊരു നന്മയാണോ കാണിച്ചു കൊടുത്തത്, അത് പ്രബോധിതന്‍ പ്രവൃത്തിപഥത്തില്‍ വരുത്തുക വഴി അയാള്‍ക്ക് ലഭിക്കാനിരിക്കുന്ന പ്രതിഫലത്തില്‍ ഒട്ടും കുറയാതെ പ്രബോധകനും ലഭിക്കുമെന്നത് എത്ര മഹത്തരമാണ്. റസൂല്‍(സ) മറ്റൊരിക്കല്‍ പറഞ്ഞു: "നല്ല മാര്‍ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവന്, അതനുസരിച്ച് പ്രവര്‍ത്തിച്ചവന് തുല്യം പ്രതിഫലം ലഭിക്കുന്നതാണ്. അത് നടപ്പിലാക്കിയവന് ഒരു കുറവും വരികയുമില്ല. അനാചാരത്തിലേക്ക് ക്ഷണിച്ചവന്, അനുകരിച്ചവന്റെ തുല്യ ശിക്ഷ ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് ഒരു ഇളവും അവര്‍ക്ക് വരുന്നില്ല" (മുസ്‌ലിം).

നന്മയിലേക്കുള്ള പ്രബോധനത്തിന് വൈവിധ്യമാര്‍ന്ന മാര്‍ഗങ്ങള്‍ സ്വീകരിക്കാം. വ്യക്തി സംഭാഷണം, ചര്‍ച്ച, പ്രസംഗം, ലേഖനം, കഥ, കവിത, നോവല്‍, സിനിമ, നാടകം തുടങ്ങി സന്നദ്ധതയുണ്ടെങ്കില്‍ ഏതൊരാള്‍ക്കും സാധ്യമാകുന്ന അനവധി മാര്‍ഗങ്ങള്‍ ഈ രംഗത്ത് തുറന്നു കിടക്കുന്നുണ്ട്. ഏത് മാര്‍ഗമാണ് തനിക്ക് അനുയോജ്യമാവുകയെന്ന് കണ്ടെത്തി ആ മാര്‍ഗത്തില്‍ കൂടുതല്‍ പരിശ്രമിക്കുകയാണ് വേണ്ടത്.

നബി തിരുമേനി അലി(റ)യോട് പറഞ്ഞ ഒരു വാചകവും ഇതോട് ചേര്‍ത്ത് മനസ്സിലാക്കുക. "അല്ലാഹുവാണ! നീ മുഖേന ഒരാള്‍ നേര്‍മാര്‍ഗത്തിലായാല്‍ ഇഹലോകവും അതിലുള്ളതൊക്കെയും ലഭിക്കുന്നതിനേക്കാള്‍ അതാണ് നിനക്കുത്തമം" (ബുഖാരി, മുസ്‌ലിം).

സ്വയം നന്മ ഉള്‍ക്കൊള്ളുന്നതോടൊപ്പം നന്മയുടെ പ്രബോധകരും പ്രചാരകരുമാവുക കൂടി ചെയ്യുമ്പോള്‍ മാത്രമാണ് പരാജയമുക്തരാവൂ എന്നാണ് ഖുര്‍ആന്‍ പറയുന്നത്. "കാലം തന്നെയാണ് സത്യം.. തീര്‍ച്ചയായും മനുഷ്യന്‍ നഷ്ടത്തിലാണ്. വിശ്വസിക്കുകയും സല്‍പ്രവര്‍ത്തനങ്ങളനുഷ്ഠിക്കുകയും സത്യം കൊണ്ടും ക്ഷമ കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (*അല്‍അസ്വ്ര്‍*). ■